**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1026** 30.09.2016 ൽ മറുപടിയ്ക്ക്

**"കൃഷി വകുപ്പിന്റെ പച്ചക്കറി വിപണനശാല"**

| **ചോദ്യം**<br>ശ്രീ. ഇ. കെ. വിജയൻ | | **ഉത്തരം**<br>ശ്രീ. വി.എസ്.സുനിൽ കുമാർ<br>(ബഹു.കൃഷി വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഈ ഓണക്കാലത്ത് പച്ചക്കറിവില പിടിച്ചുനിർത്താൻ സഹായകരമായ കൃഷിവകുപ്പിന്റെ പച്ചക്കറി വിപണനശാല പഞ്ചായത്ത് അടിസ്ഥാനത്തിൽ തുടർന്നും പ്രവർത്തിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ; | (എ) | ഓണക്കാലത്ത് താല്ക്കാലികമായി ആരംഭിച്ചവില്പന ശാലകൾ തുടർന്നും പ്രവർത്തിപ്പിക്കുന്നതിന് ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ തെരഞ്ഞെടുക്കപ്പെട്ട കൃഷി ഭവനുകളിൽ ആരംഭിച്ച എ ഗ്രേഡ് ക്ലസ്റ്റർ വിപണി, എക്കോ ഷോപ്പുകൾ എന്നിവ മുഖേന കർഷകർ ഉത്പാദിപ്പിക്കുന്ന പച്ചക്കറി വിപണനത്തിന് സംവിധാനം ഒരുക്കിയിട്ടുണ്ട്. കൂടാതെ VFPCK, HORTICORP എന്നിവയുടെ വിപണികളും വിൽപനശാലകളും തുടർന്നും പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | ഇത്തരം വിപണന കേന്ദ്രത്തിൽ പച്ചക്കറികൾ എത്തിക്കുന്ന കർഷകർക്ക് ആകർഷകമായ ആനുകൂല്യം നൽകാൻ സർക്കാരിന് പദ്ധതിയുണ്ടോ; | (ബി) യും (സി) യും | ആനുകൂല്യം നൽകുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |
| (സി) | ഇല്ലെങ്കിൽ ഇത്തരത്തിലുള്ള ഒരു പദ്ധതി ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**